ഭരണകാലത്ത് അടയ്ക്കേണ്ടിയിരുന്ന കുടിശ്ശികയുടെ ബാദ്ധ്യത മുഴുവൻ പുതിയ സർക്കാരിന്റെ മേൽ വന്നുപതിച്ചിരിക്കുകയാണ്. ഈ തുക അടയ്ക്കുന്നതിലേക്ക് ആദ്യ ഗഡു എന്ന നിലയിൽ 250 കോടി രൂപ വകയിരുത്തുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്**

321. ഇലക്ട്രോണിക് മാധ്യമ വിസ്ഫോടനത്തിന്റേതായ ഇക്കാലത്ത് ഇൻഫർമേഷൻ വകുപ്പിന്റെയും പബ്ലിക് റിലേഷൻസ് വകുപ്പിന്റേയും പ്രവർത്തനം ഫലപ്രദവും സുതാര്യവുമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

322. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ എല്ലാ സാമ്പത്തിക അച്ചടക്കങ്ങളും ലംഘിച്ചുകൊണ്ട് കണ്ടിൻജൻസി ഫണ്ടിൽ നിന്നുപോലും പണമെടുത്ത് പരസ്യങ്ങൾ നൽകാൻ പി.ആർ.ഡി. നിർബന്ധിക്കപ്പെട്ട സാഹചര്യം ഗവൺമെന്റ് ഗൗരവപൂർവം പരിശോധിക്കുന്നതാണ്. 2010-11 സാമ്പത്തികവർഷത്തിൽ 6 കോടി 15 ലക്ഷം രൂപ വകയിരുത്തിയ സ്ഥാനത്ത് 21 കോടി 81 ലക്ഷത്തിലേറെ രൂപയുടെ പരസ്യമാണ് പി.ആർ.ഡി. നൽകിയതെന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു.

**പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതികൾ**

323. പത്രപ്രവർത്തകർക്കുള്ള പെൻഷൻ കുടിശ്ശിക അടിയന്തിരമായി നൽകാനും പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് മുഖേന നൽകാനും വേണ്ട നടപടികൾ സ്വീകരിക്കും.

324. കേരള പ്രസ്സ് അക്കാദമിയുടെ പുതിയ ഹോസ്റ്റൽ മന്ദിര നിർമ്മാണത്തിന് 10 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്നു.

325. കേരളത്തിലെ പത്ര പ്രവർത്തകർക്കായി വിവിധ വികസന-ക്ഷേമ പരിപാടികൾ നടപ്പാക്കുന്നതിന് സർക്കാർ താഴെ പറയുന്ന പ്രകാരം ധനസഹായം നൽകുന്നതാണ്.

326. കേരള പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാപദ്ധതിക്ക് 40 ലക്ഷം രൂപ അനുവദിക്കുന്നു. പത്രപ്രവർത്തകർക്കുള്ള ഭവന സബ്സിഡിക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു. ഇത് വീട് വാങ്ങുന്നവർക്കും പുതിയ വീട് വയ്ക്കുന്നവർക്കും ലഭ്യമാകും. തിരുവനന്തപുരത്തെ കേസരി മന്ദിരത്തിൽ ഡിജിറ്റൽ പത്ര ആർക്കൈവ്സിന് 20 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ മറ്റു പ്രസ്ക്ലബ്ബുകൾക്ക് താഴെപ്പറയുന്ന തുക അനുവദിക്കുന്നതാണ്.

327. ഡൽഹിയിലെ പ്രസ് ക്ലബ് ഓഫ് ഇന്ത്യയ്ക്ക് 25 ലക്ഷം രൂപ. മലപ്പുറം പ്രസ്സ്ക്ലബിന് 15 ലക്ഷം രൂപ. KUWJ യുടെ ഡൽഹി ഘടകത്തിന് 25 ലക്ഷം രൂപ. കൊല്ലം പ്രസ്സ് ക്ലബിന് 10 ലക്ഷം രൂപ. തിരുവനന്തപുരം പ്രസ്ക്ലബ്ബിനോടനുബന്ധിച്ച് മീഡിയ മാനേജ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly